# കേരളസർവകലാശാല

നം.പി.ആർ.194/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### എം.കോം റൂറൽ മാനേജ്മെന്റ് കോഴ്സ് – അപേക്ഷാതീയതി നീട്ടി

കേരളസർവകലാശാലയുടെ സെന്റർ ഫോർ റൂറൽ സ്റ്റഡീസ് ആലപ്പുഴയുടെ കീഴിൽ പുതിയതായി തുടങ്ങുന്ന എം.കോം റൂറൽ മാനേജ്മെന്റ് കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 10 വരെ നീട്ടിയിരിക്കുന്നു വിശദവിവരങ്ങൾക്ക് www.admissions.keralauniversity.ac.in സന്ദർശിക്കുക.

### ഒന്നാംവർഷ ബിരുദപ്രവേശനം 2020
### എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. ഒക്ടോബർ 12 മുതൽ 16 വരെയാണ് കോളേജ് പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഓരോ വിദ്യാർത്ഥിയുടേയും പേരിനു നേർക്ക് കോളേജിൽ കൗൺസിലിംഗിനായി ഹാജരാകേണ്ട തീയതിയും സമയവും നൽകിയിട്ടുണ്ട്.

റാങ്ക് ലിസ്റ്റിൽ ഹാജരാകാൻ സമയം തന്നിട്ടുള്ളവർ മാത്രമേ കോളേജിൽ ഹാജരാകാവൂ. ആദ്യ 30 റാങ്ക് വരെയുള്ളവർക്ക് മാത്രമാണ് ആദ്യഘട്ടത്തിൽ കൗൺസിലിംഗ് നടത്തുന്നത്. സീറ്റുകൾ ബാക്കിയാവുന്ന പക്ഷം മാത്രം രണ്ടാംഘട്ട കൗൺസിലിംഗ് നടത്തുന്നതാണ്. അതിനുള്ള തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക്‌ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യസമയത്തു തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്, റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉളളത്. സീറ്റുകളുടെ എണ്ണം കോളേജിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിംഗിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുളളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ അലോട്ട്മെന്റ് മുഖേന മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുളളവർ അഡ്മിറ്റ് മെമോ ഹാജരാക്കണം. അങ്ങനെയുളളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുളളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുളളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുളളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിംഗിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുളള ലിങ്ക് കോളേജിൽ നിന്നും ആക്ടീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. Temporary/താത്കാലിക അഡ്മിഷൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക.

## പുതിയ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർക്കാരിന്റെ അസാധാരണ ഗസറ്റ് പ്രകാരം 2020–21 വർഷത്തിൽ ആരംഭിക്കുന്നതിനായി ഇന്നവേറ്റീവ് പ്രോഗ്രാമ്സ് ഉൾപ്പെടെയുളള പുതിയ കോഴ്സുകൾക്കായുളള അപേക്ഷ ക്ഷണിച്ചു. അപേക്ഷയുടെ format, notification, Gazette – ന്റെ പകർപ്പ് എന്നിവ കേരളസർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ നിശ്ചിത ഫീസടച്ച ചെലാൻ സഹിതം kuaffiliation@keralauniversity.ac.in എന്ന ഇ–മെയിൽ വിലാസത്തിൽ സോഫ്റ്റ്കോപ്പിയായി ഒക്ടോബർ 9 ന് വൈകുന്നേരം 3.30 നകം ലഭ്യമാകുന്ന രീതിയിൽ അയയ്ക്കേണ്ടതാണ്. അപേക്ഷയുടെ ഹാർഡ്കോപ്പി സർവകലാശാല രജിസ്ട്രാറുടെ പേരിൽ ഉടൻ തന്നെ അയയ്ക്കേണ്ടതാണ്.

## ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

2020 ഒക്ടോബർ 14 മുതൽ ആരംഭിക്കുന്ന മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്റർ ബി.ബി.എ. സപ്ലിമെന്ററി (2013 & 2014 അഡ്മിഷൻ) പരീക്ഷകൾക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറിയൽ കാർഡുമായി കാര്യവട്ടത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ (എസ്.ഡി.ഇ) പരീക്ഷ എഴുതേണ്ടതാണ്.

## ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) സീറ്റൊഴിവ്

കേരള സർവകലാശാല അറബിക് വിഭാഗം നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് ഡിപ്ലോമ കോഴ്സിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ ഒക്ടോബർ 10 നകം അപേക്ഷിക്കണം. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ, ഡിഗ്രി (അറബിക് രണ്ടാം ഭാഷയായി പഠിച്ചിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ഫാളിൽ), ഫീസ്: 6000/–, അപേക്ഷ ഫോമുകളും വിശദവിവരങ്ങളും കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിലും അറബിക് വിഭാഗത്തിന്റെ വെബ്സൈറ്റിലും (www.arabicku.in) ലഭിക്കും. ഫോൺ: 0471 2308846, 9446827141

## പരീക്ഷാഫീസ്

നവംബർ 18 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ ഒക്ടോബർ 12 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 14 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 16 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റീസ്ട്രക്ച്ചേർഡ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ഒക്ടോബർ 23 വരെ ഓഫ് ലൈനായി അപേക്ഷിക്കാവുന്നതാണ്.വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
06.10.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in